## പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4476 — 26.06.2014 ൽ മറുപടിക്ക്

### തിരുപുറം വില്ലേജ് ഓഫീസിന് പുതിയ കെട്ടിടം പണിയുന്നതിനുള്ള നടപടി

| ചോദ്യം<br>ശ്രീ. ആർ. സെൽവരാജ് | | ഉത്തരം<br>ശ്രീ. അടൂർ പ്രകാശ്<br>(ബഹു.റവന്യൂവും കയറും വകുപ്പുമന്ത്രി) |
|---|---|---|
| (എ) നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ തിരുപുറം വില്ലേജ് ഓഫീസ് കെട്ടിടം വളരെ പഴക്കം ചെന്നതും തകർന്ന് വീഴാറായ സ്ഥിതിയിലും പ്രവർത്തിച്ച് വരുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് തുടർ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | ഉണ്ട്<br>തിരുപുറം വില്ലേജാഫീസ് കെട്ടിടം നവീകരിക്കുന്നതിനുള്ള നിർദ്ദേശം പൊതുമരാമത്ത് വകുപ്പ് അധികാരികൾക്ക് നൽകിയിട്ടുണ്ട് |
| (ബി) തിരുപുറത്ത് പുതുതായി വില്ലേജ് ഓഫീസ് കെട്ടിടം പണിയുന്നതിന് നെയ്യാറ്റിൻകര എം.എൽ.എ. നൽകിയ കത്തിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | ബഹു.നെയ്യാറ്റിൻകര എം.എൽ.എ യുടെ കത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിട നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റും, പ്ലാനും തയ്യാറാക്കി നൽകാൻ പാറശ്ശാല അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് (കെട്ടിട വിഭാഗത്തിന്) നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) പ്രസ്തുത പ്രവൃത്തിക്ക് ഫണ്ട് അനുവദിക്കുന്നത് സംബന്ധിച്ച ലാൻഡ് റവന്യൂ കമ്മീഷണറുടെ പരിഗണനയിലിരിക്കുന്ന 39185/എഫ്2/2013/ റവന്യൂ നം. ഫയലിൽ അനുകൂല നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ | (സി) | പൊതുമരാമത്ത് വകുപ്പിൽ നിന്നും പ്ലാനും, എസ്റ്റിമേറ്റും, ഫണ്ട് ലഭ്യത സംബന്ധിച്ച വിവരങ്ങളും ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ കൈകൊള്ളാവുന്നതാണ്. |

സെക്ഷൻ ഓഫീസർ